**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2838** **18-03-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് പട്ടികജാതി കോളനിയിലെ കുടുംബങ്ങളുടെ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജിൽ ഉൾപ്പെട്ട താമരച്ചാൽ പുറംകര പട്ടികജാതി കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് ; ആയതിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട് ;വ്യക്തമാക്കാമോ ; | (എ) | പ്രസ്തുത പട്ടികജാതി കോളനിയിൽ താമസിച്ചുവരുന്ന 6 പട്ടികജാതി കുടുംബങ്ങൾക്കും പട്ടയം ലഭിക്കാനുണ്ട്. |
| (ബി) | പട്ടയം ലഭിക്കാത്തതിനാൽ ടി കോളനിയിലെ പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ടി 6 കുടുംബങ്ങളും താമസിക്കുന്നത് പെരിയാർവാലി കനാൽ പുറംമ്പോക്ക് ഭൂമിയിൽ ആണ് എന്നതാണ് പട്ടയം നൽകുന്നതിന് നിലവില്ലുള്ള തടസ്സം. പ്രസ്തുത കടുംബങ്ങളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിലും പുറമ്പോക്ക് ഭൂമിയായതിനാൽ ഭവനനിർമ്മാണത്തിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ട്. കൈവശരേഖ, റേഷൻകാർഡ് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഉള്ളതിനാൽ ഈ കുടുംബങ്ങൾക്ക് സാമൂഹ്യപെൻഷൻ ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമൊന്നുമില്ല. |
| (സി) | പട്ടയം ലഭിക്കുന്നതിന് നിലവില്ലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ടി 6 കുടുംബങ്ങളും താമസിക്കുന്നത് പെരിയാർവാലി കനാൽ പുറംമ്പോക്ക് ഭൂമിയിൽ ആണ് എന്നതാണ് പട്ടയം നൽകുന്നതിന് നിലവില്ലുള്ള തടസ്സം. പ്രസ്തുത കടുംബങ്ങളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിലും പുറമ്പോക്ക് ഭൂമിയായതിനാൽ ഭവനനിർമ്മാണത്തിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ട്. കൈവശരേഖ, റേഷൻകാർഡ് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഉള്ളതിനാൽ ഈ കുടുംബങ്ങൾക്ക് സാമൂഹ്യപെൻഷൻ ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമൊന്നുമില്ല. |

സെക്ഷൻ ഓഫീസർ